# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4401** — 17/05/2017-ൽ മറുപടിക്ക്

## കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബക്ഷേമ ഉപ-കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | എ) സംസ്ഥാനത്ത് നിലവിൽ 5403 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| തിരുവനന്തപുരം | 483 |
| കൊല്ലം | 418 |
| പത്തനംതിട്ട | 260 |
| ആലപ്പുഴ | 366 |
| കോട്ടയം | 339 |
| ഇടുക്കി | 307 |
| എറണാകുളം | 410 |
| തൃശ്ശൂർ | 472 |
| പാലക്കാട് | 504 |
| മലപ്പുറം | 578 |
| കോഴിക്കോട് | 402 |
| വയനാട് | 204 |
| കണ്ണൂർ | 413 |
| കാസർഗോഡ് | 247 |

| ചോദ്യം | മറുപടി |
|---|---|
| ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) പ്രസ്തുത കേന്ദ്രത്തിൽ നിന്നും പൊതുജനങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ്പ്, വയറിളക്കത്തിനുള്ള ഒ.ആർ.എസ്, പ്രസവസംബന്ധമായ ആവശ്യങ്ങൾക്ക് ഗർഭിണികളെ സഹായിക്കുക, അമ്മയ്ക്കും കുഞ്ഞിനുമുള്ള പരിചരണം, മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക മുതലായ സേവനങ്ങളാണ് ലഭ്യമാക്കുന്നത്. ഇതു കൂടാതെ രോഗപ്രതിരോധ പ്രവർത്തനങ്ങളും സബ്സെന്റർ വഴി നടപ്പാക്കുന്നുണ്ട് |
| സി) പുതിയ കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് ആവശ്യമായിട്ടുള്ളത് | സി) പുതിയ കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കാൻ മതിലോട് കൂടിയ 10 സെന്റ് സ്ഥലവും, അയ്യായിരത്തിൽ കുറയാതെ ജനസംഖ്യയും ആവശ്യമാണ്. (മലയോരമേഖലയിൽ ജനസംഖ്യ 3000-ൽ കുറയാതെ മതിയാകും) കുടുംബക്ഷേമ കെട്ടിടത്തിൽ ജെ.പി.എച്ച്.എൻ-ന് താമസിക്കുവാൻ മുറിയും പ്രതിരോധ മരുന്നുകൾ സൂക്ഷിക്കുവാൻ ഉള്ള സൗകര്യമുള്ള മുറി, വരുന്ന രോഗികൾക്ക് ഇരിക്കുവാനുള്ള സ്ഥലം, വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങൾ എന്നിവയാണ് പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നുണ്ടോ: വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) | പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. എം.എൽ.എമാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ